**പത്രക്കുറിപ്പ്**
**22.09.2018**

### പദ്ധതികളുടെ മികവുറ്റ നടപ്പാക്കൽ:
## കുടുംബശ്രീക്ക് ഏഴ് സ്കൊച്ച് (SKOCH) അവാർഡ്

തിരുവനന്തപുരം: കേന്ദ്ര സംസ്ഥാന പദ്ധതികൾ മികച്ച രീതിയിൽ നടപ്പാക്കിയതിന് കുടുംബശ്രീക്ക് 2018 ലെ ഏഴ് സ്കൊച്ച് (SKOCH) അവാർഡുകൾ ലഭിച്ചു. സംസ്ഥാനത്ത് ഏറ്റവും ഫലപ്രദവും മാതൃകാപരവുമായ രീതിയിൽ പദ്ധതികൾ നടപ്പാക്കിയതിനാണ് അവാർഡ്.

കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളായ അമൃതം ന്യൂട്രിമിക്സ്, വിമൻ കൺസ്ട്രക്ഷൻ ടീം, ഹോംഷോപ്പ്, ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ കൊച്ചി മെട്രോ, കുടുംബശ്രീ സ്കൂൾ, കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന(ഡി.ഡി.യു.ജി.കെ.വൈ) എന്നീ പദ്ധതികൾക്കാണ് ഓഡർ ഓഫ് മെറിറ്റ് അംഗീകാരം ലഭിച്ചത്. ഇതിൽ ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയുടെ പ്രവർത്തന മികവിന് ഓഡർ ഓഫ് മെറിറ്റിനു പുറമേ ബ്രോൺസ് അവാർഡും ലഭിച്ചു.

അസാധാരണായ നേതൃപാടവം വഴി പദ്ധതി നിർവഹണത്തിലും സമൂഹത്തിലും ഗുണപരമായ ചലനങ്ങൾ സൃഷ്ടിക്കാനും അതിലൂടെ സാമ്പത്തിക സാമൂഹിക രംഗത്ത് ക്രിയാത്മകമായ മാറ്റങ്ങൾ കൊണ്ടുവരാനും സാധിച്ചതിനാണ് കുടുംബശ്രീക്ക് അവാർഡ്. ഡൽഹിയിൽ റാഫി മാർഗിൽ കോൺസ്റ്റിറ്റ്യൂഷൻ ക്ളബ് ഓഫ് ഇന്ത്യയിൽ നടന്ന ചടങ്ങിൽ കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ജയൻ കെ.ആർ, അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ നിഷാന്ത് ജി.എസ് എന്നിവർ സ്കൊച്ച് ചെയർമാൻ സമീർ കൊച്ചറിൽ നിന്നും അവാർഡുകൾ സ്വീകരിച്ചു.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നഗരസഭകൾ, ജില്ലാ ഭരണകൂടം എന്നിവടങ്ങളിൽ നിന്നെല്ലാം സ്കൊച്ച് അവാർഡിനായി എൻട്രികൾ ക്ഷണിച്ചിരുന്നു. ഇതു പ്രകാരം ആദ്യഘട്ടത്തിൽ പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ രേഖപ്പെടുത്തി. അതിൽ നിന്നും മികവുറ്റ രീതിയിൽ നടപ്പാക്കുന്ന പദ്ധതികളെയാണ് രണ്ടാം ഘട്ടത്തിൽ ജൂറി പാനലിനു മുമ്പാകെ അവതരണത്തിനായി തിരഞ്ഞെടുത്തത്. ഈ രണ്ടു ഘട്ടങ്ങളിലും വിജയിച്ച പദ്ധതികൾക്കായി വോട്ടു രേഖപ്പെടുത്തുന്നതിനുള്ള അവസരം പൊതു ജനങ്ങൾക്ക് നൽകിയിരുന്നു. ഇപ്രകാരം വിവിധ ഘട്ടങ്ങളിലെ മികവിന്റെയും വോട്ടിന്റെയും അടിസ്ഥാനത്തിലാണ് കുടുംബശ്രീക്ക് അവാർഡ് നൽകിയത്.

ഭരണ നിർവഹണം, ഫിനാൻസ്, ബാങ്കിങ്ങ്, ടെക്നോളജി, കോർപ്പറേറ്റ് സിറ്റിസൺഷിപ്, ഇക്കണോമിക്സ് എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രശംസനീയമായ മാതൃകകൾ കാഴ്ച വയ്ക്കുന്ന സ്ഥാപനങ്ങൾക്കാണ് സ്കൊച്ച് അവാർഡ് നൽകുന്നത്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

**ഫോട്ടോ-അടിക്കുറിപ്പ്:**

1. സ്കൊച്ച് ചെയർമാൻ സമീർ കൊച്ചറിൽ നിന്നും കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ജയൻ.കെ.ആർ ബ്രോൺസ് അവാർഡ് സ്വീകരിക്കുന്നു

2. സ്കൊച്ച് ചെയർമാൻ സമീർ കൊച്ചറിൽ നിന്നും കുടുംബശ്രീ സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ നിഷാന്ത് ജി.എസ് ഓഡർ ഓഫ് മെറിറ്റ് അവാർഡ് സ്വീകരിക്കുന്നു